പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 666 — 28.09.2016 ന് മറുപടിയ്ക്ക്.

## തൊഴിൽ നൈപുണ്യ വികസനം

ചോദ്യം — ഉത്തരം

ശ്രീ. സി.കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. ആന്റണി ജോൺ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തൊഴിൽ നൈപുണ്യ വികസനത്തിനായി ഏതെല്ലാം മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(എ) വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽപ്രൊഫഷണലുകളെ വാർത്തെടുക്കുവാനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിൻ കീഴിൽ നൈപുണ്യവികസനത്തിനായി താഴെപ്പറയുന്ന അക്കാദമികളും സ്ഥാപിച്ചിട്ടുണ്ട്.

സെന്റർ ഓഫ് എക്സലൻസ് പദ്ധതിയ്ക്ക് കീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്), CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി), ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്), CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്), CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്) എന്നീ അക്കാദമികളും കൺസ്ട്രക്ഷൻ മേഖലയിൽ വിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി കൗശൽ കേന്ദ്രങ്ങൾ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക' എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

(ബി) കാലഘട്ടത്തിന് അനുയോജ്യമായ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പ്രസ്തുത മേഖലയിൽ പ്രവൃത്തി നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള സമഗ്ര മായ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

(ബി) പുതുതായി ആർക്കിടെക്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ആട്ടോമോട്ടീവ്, ആയുർവേദ, ബ്യൂട്ടി ആന്റ് വെൽനെസ്സ്, ഡേറ്റാ അനലിറ്റിക്സ്, ജെംസ് ആന്റ് ജ്യൂവൽറി, ഹൈ-ടെക് ആട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ്, മീഡിയ ആന്റ് എന്റർടെയിന്മെന്റ്, ഫിസിയോതെറാപ്പി, റീടെയിൽ , റോബോട്ടിക്സ്, സ്പോർട്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, വെയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.

Bindu

സെക്ഷൻ ഓഫീസർ